പി എൽ(2)/27620/2017/ഡിപിഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം.തീയതി. 11/12/2017

പ്രേഷകൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

സ്വീകർത്താവ്

ഉപജില്ലാവിദ്യാഭ്യാസ ഓഫീസർ/ ജില്ലാവിദ്യാഭ്യാസ ഓഫീസർ

സർ,

വിഷയം: സ്കോളർഷിപ്പ് പരീക്ഷ 2017-2018- സംബന്ധിച്ച്.

2017-2018 അധ്യയന വർഷത്തെ സംസ്കൃത സ്കോളർഷിപ്പ് പരീക്ഷയ്ക്കു വേണ്ട ചോദ്യപേപ്പറുകളുടെ എണ്ണം ക്ലാസുതിരിച്ച് **2017 ഡിസംബർ 20 ന് മുമ്പ്** ഡയറക്ടറേറ്റിൽ നൽകേണ്ടതാണ് എന്നറിയിക്കുന്നു. പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**

## സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷ 2017-2018
## പൊതുനിർദേശങ്ങൾ

1. 2017-2018 വർഷത്തെ സംസ്കൃത സ്കോളർഷിപ്പ് പരീക്ഷ 2018 ജനുവരി 29,30 തീയതികളിൽ നടക്കുന്നതാണ്.
2. ഹൈസ്കൂൾ വിഭാഗം വിദ്യാർത്ഥികൾക്കുള്ള പരീക്ഷ ജനുവരി 29 ന് രാവിലെ 11 മുതൽ 12 വരെ (ഒരു മണിക്കൂർ വിദ്യാഭ്യാസ ജില്ലാതലത്തിൽ നടത്തുന്നതാണ്.
3. യുപി വിഭാഗം, എൽപി വിഭാഗം ക്ലാസുകളിലെ വിദ്യാർത്ഥികൾക്കുള്ള പരീക്ഷ ജനുവരി 30 രാവിലെ 11 മുതൽ 12 മണിവരെ (ഒരു മണിക്കൂർ) ഉപജില്ലാ തലത്തിൽ നടത്തുന്നതാണ്.
4. എൽ.പി വിഭാഗം വിദ്യാർത്ഥികളെ ക്ലാസ് അടിസ്ഥാനത്തിൽ പ്രത്യേകമായി ഇരുത്തേണ്ടതാണ്. ഓരോ ക്ലാസിലും ഓരോ സംസ്കൃതാധ്യാപകന്റെ ചുമതലയിൽ പരീക്ഷ നടത്തേണ്ടതും അധ്യാപകൻ നിർദേശം വായിച്ചു കൊടുത്ത്, നിശ്ചിതസമയത്തിനകം വിദ്യാർത്ഥികൾ ഉത്തരമെഴുതിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.
5. ഉത്തരകടലാസുകൾ അതാതു കേന്ദ്രങ്ങളിൽ തന്നെ ജില്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ നിർദേശാനുസരണം മൂല്യനിർണയം നടത്തേണ്ടതാണ്.
6. ഓരോ ഉത്തരക്കടലാസിലും മൂല്യനിർണയം നടത്തിയ അധ്യാപകന്റെ പേരും തീയതിയോടുകൂടിയ ഒപ്പും നിർദ്ദിഷ്ടസ്ഥാനത്ത് നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.
7. മൂല്യനിർണയത്തിൽ ലഭിച്ച സ്കോർ ഉത്തരക്കടലാസിൽ നൽകിയിട്ടുള്ള കോളത്തിൽ രേഖപ്പെടുത്തേണ്ടതാണ്.
8. സ്കോളർഷിപ്പിന് അർഹതനേടിയിട്ടുള്ള വിദ്യാർത്ഥികളുടെ പേരും ലഭിച്ച സ്കോറും റാങ്ക് ക്രമമനുസരിച്ച് രേഖപ്പെടുത്തി, മൂല്യനിർണയം നടത്തിയതിന്റെ തൊട്ടടുത്ത ദിവസം തന്നെ ഈ ഓഫീസിലേയ്ക്ക് തപാൽ മാർഗവും ഈ മെയിൽ ആയും അയച്ചുതരേണ്ടതാണ്.
9. ഉത്തരക്കടലാസുകളും വിദ്യാർത്ഥികൾ ഒപ്പു രേഖപ്പെടുത്തിയ പേപ്പറും സീൽ ചെയ്ത് അതാത് ജില്ലാ ഉപജില്ല ഓഫീസുകളിൽ സൂക്ഷിക്കേണ്ടതാണ്.
10. പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് ജില്ലാ/ ഉപജില്ല സംസ്കൃതം അക്കാദമിക് കൗൺസിലിന്റെ സഹകരണം ഉറപ്പുവരുത്തേണ്ടതാണ്.
11. പരാതികൾക്ക് ഇടനൽകാത്തവിധം പരീക്ഷ നടത്തുന്നതിന് ബന്ധപ്പെട്ട ഓഫീസർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.